ചേകനൂർ മൗലവിയുടെ

# ആദർശ പടയോട്ടം



യൂസുഫ് കരുനാഗപ്പള്ളി M.A

# CHEKANNOR MOULAVIYUDE ADARSHAPADAYOTTAM

**By. Yusuf Karunagapally.M.A**

**Copy Right**
**Reserved**
**Copy 10000**
**First Edition-2003 July**
**Published By**
**Khur-aan Sunnath Society**
**Cherucode**
**Po.Chathangottupuram,679328**
**Price-10**
**Phone: 04931-249133**
**Sponsored By: Dr.A.K.SALEEM**
**Deputy Director of Health Rtd**
**Alanelloor**

**Re printed by Dr. M. Abdul Jaleel.**
**for IRPC (Islamic Research and Propagation Centre);**
**the multimedia publicity wing of Khur-aan Sunnath Society.**
**www.chekanoormoulavi.com**
**www.khur-aansunnathsociety.com**

# ചേകനൂർ മൗലവിയുടെ
# ആദർശപടയോട്ടം

*By*

**യൂസുഫ് കരുനാഗപ്പള്ളി M.A**

# മുഖവുര

ഇത് ചേകനൂർ മൗലവിയുടെ ജീവചരിത്രമല്ല. മറിച്ച് അദ്ദേഹത്തിന്റെ ആദർശ ചരിത്രമാണ്. ഗ്രന്ഥകർത്താവ് ദീർഘകാലം ചേകന്നൂർ മൗലവിയോടൊപ്പം അദ്ദേഹത്തിന്റെ ആദർശ പോരാട്ടത്തിൽ പങ്കെടുക്കുകയും നേരിട്ട് കണ്ടതും കേട്ടതുമായ സംഭവ പരമ്പരകളിൽ അതിപ്രധാനമായവയുടെ സംക്ഷിപ്ത വിവരണവുമാണീ ചെറു പുസ്തകം. വിശുദ്ധ ഖുർആൻ പ്രവാചകനിലൂടെയാണ് നമുക്ക് ലഭിച്ചതെങ്കിലും അദ്ദേഹത്തിന്റെ ജീവചരിത്രത്തെപ്പറ്റിയുള്ള സൂചനപോലും ഖുർആനിലില്ല. അത് പ്രതിപാദിക്കാനവതരിച്ചതുമല്ല ആ മഹദ് ഗ്രന്ഥം. ആദർശം പറയുന്നിടത്ത് കുടുംബ കാര്യത്തിനെന്ത് പ്രസക്തി...?

അതിനാൽ ചേകന്നൂരെന്ന വ്യക്തിയല്ല. അദ്ദേഹം ഖുർആനിൽ നിന്ന് ചികഞ്ഞെടുത്ത് തുറന്നടിച്ച സത്യങ്ങൾക്കും അതിന് വേണ്ടി അദ്ദേഹം ചെയ്ത മഹത്തായ സേവനത്തിനുമാണിവിടെ പ്രാധാന്യം. ആദർശത്തിനുവേണ്ടി ജീവൻ കൊടുത്ത അദ്ദേഹത്തിന്റെ ആത്മാർത്ഥത തിരിച്ചറിയാൻ ഈ പുസ്തകം വായിച്ചേ മതിയാവൂ. അതിനാൽ ഖുർആൻ പ്രചരണരംഗത്ത് ചേകനൂരിന്റെ നിസ്തുല സേവനം ആദർശ ബന്ധുക്കൾക്കും മറ്റും മനസ്സിലാവാൻ ഈ ചെറുചരിതം ഉപകരിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഇത് ബഹുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താവ്.

# ചേകനൂർ മൗലവിയുടെ

# ആദർശ പടയോട്ടം.

അന്ന് ഞാൻ പൊന്നാനി വലിയ ജുമുഅത്ത് പള്ളിയിൽ മുതഅല്ലിം(വിദ്യാർത്ഥി). അടുത്ത് തന്നെയുള്ള മഊനത്തുൽ ഇസ്ലാം അറബിക്കോളേജിൽ ഒരു സമ്മേളനം നടക്കുകയാണ്. പരേതനായ നിയമസഭാ സ്പീക്കർ കെ.എം.സീതിസാഹിബാണ് ഉൽഘാടകൻ. പല പ്രമുഖരും അണിനിരന്ന സ്റ്റേജിൽ ഒരു മുസ്ലിയാരുമുണ്ടായിരുന്നു. പൊന്നാനിത്തൊപ്പി ധരിച്ച് താടി വളർത്തി മുഴുനീളൻ കയ്യുള്ള കുപ്പായവും തോളിലൊരു ഷാളുമായി ഒരു കുറിയ മനുഷ്യൻ. പേര് പി.കെ മുഹമ്മദ് മുസ്ല്യാർ. എം.എഫ്.ബി. അദ്ദേഹത്തിന്റെ സംസാരം അത്രയൊന്നും ആകർഷകമായിരുന്നില്ല. പിന്നീട് ആദർശരംഗത്ത് കൊടുങ്കാറ്റായി മാറിയ ചേകനൂർ പി.കെ.എം. അബുൽ ഹസൻ മൗലവിയായിരുന്നു അത്. അദ്ദേഹമന്ന് കോക്കൂർ ജുമുഅത്ത് പള്ളിയിൽ മുദർരിസായിരുന്നു.

ഈ പള്ളിയുടെ മിഹ്റാബിൽ നിന്നാണ് ചേകനൂർ വിപ്ലവത്തിന്റെ ആദ്യ വെടിപൊട്ടിച്ചത്. കോക്കൂരിൽ ചേകന്നൂരിന്റെ വിദ്യാർത്ഥിയായിരുന്ന ഒരാൾ പിന്നീട് എന്റെ സഹപാഠിയായി. ആ സംഭവം അദ്ദേഹം വിവരിച്ചതിങ്ങനെയാണ്. കോക്കൂർ പള്ളിയിൽ നമസ്ക്കാരവും അതിന് ശേഷമുള്ള കൂട്ടു പ്രാർത്ഥനയുമെല്ലാം സുന്നി രീതിയിൽ തന്നെയാണ് നടന്നിരുന്നത്. നമസ്ക്കാരത്തിന് നേതൃത്വം നൽകിയിരുന്നത് ചേകന്നൂരാണ്. ഒരു ദിവസം സുബഹി നമസ്കാരം കഴിഞ്ഞ ഉടനെ മൗലവി എഴുന്നേറ്റു നിന്ന് കൊണ്ടിങ്ങനെ പറഞ്ഞു. നമസ്കാരത്തിന് ശേഷമുള്ള കൂട്ടുപ്രാർത്ഥന ബിദ്അത്താണ്. അതുകൊണ്ട് ഞാനത് ഒഴിവാക്കുന്നു. ഇത് പറഞ്ഞുകൊണ്ട് മൗലവി മിഹ്റാബ് വിട്ടുപോയി. അധികകാലം കഴിയുന്നതിനു മുമ്പ് മൗലവി ജമാ അത്തെ ഇസ്ലാമിയുടെ ശാന്തപുരം ഇസ്ലാമിയ കോളേജിൽ അദ്ധ്യാപകനായി. പക്ഷെ ജമാഅത്തുകാരുടെ ആശയങ്ങളോടൊന്നും അദ്ദേഹത്തിന് യാതൊരു യോജിപ്പുമുണ്ടായിരുന്നില്ല. ജമാഅത്തിന്റെ അമീർ കെ. സി. അബ്ദുല്ല മൗലവിക്ക് ചേകനൂരിന്റെ പാണ്ഡിത്യത്തിന്റെ ആഴമറിയാമായിരുന്നത് കൊണ്ടാണ് അദ്ദേഹത്തെ അവിടെ അദ്ധ്യാപകനായി നിയമിച്ചത്.

ഞാനപ്പോൾ മഊനത്തുൽ ഇസ്ലാം അറബികോളേജിലെ വിദ്യാർത്ഥിയായിത്തീർന്നിരുന്നു. കോളേജിലെ വിദ്യാർത്ഥികൾ പലപ്പോഴും വഴിയിൽവെച്ച് ചേകന്നൂരിനെ കണ്ടുമുട്ടാറുണ്ടായിരുന്നു. കയ്യിലൊരു ചെറിയ ബേഗും അത് നിറയെ ചെറിയ കടലാസു കഷ്ണങ്ങളിലെഴുതിയ കുറിപ്പുകളുമായി വരുന്ന അദ്ദേഹം പലപ്പോഴും സീനിയർ വിദ്യാർത്ഥികളെ അടുത്ത് വിളിച്ച് നിർത്തി അനന്തരാവകാശ നിയമങ്ങളിൽ നടത്തിയ അട്ടിമറികൾവിശദീകരിക്കുകയും തെളിവിനായി ബേഗിൽ സൂക്ഷിച്ചിട്ടുള്ള കുറിപ്പുകൾ എടുത്തുകാണിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഇതിനിടയിലാണ് ചേകന്നൂരിന്റെ ഗുരുവായ സയ്യിദ് അബ്ദുറഹിമാൻ ഹൈദ്രൂസി തങ്ങൾ ഈജിപ്തിലെ പഠനവും കഴിഞ്ഞ് കേരളത്തിലെത്തുന്നത്. അദ്ദേഹം തലക്കടത്തൂർ പള്ളിയിൽ മുദർരിസായിരിക്കുമ്പോൾ ചേകന്നൂർ അവിടെ അദ്ദേഹത്തിന്റെ ഇഷ്ട വിദ്യാർത്ഥിയായിരുന്നു. ലിബിയയിലെ സനൂബി ഇസ്ലാമിക് യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകനായിരുന്ന അദ്ദേഹത്തിന് പൊന്നാനി അറബിക്കോളേജിൽ ഒരു സ്വീകരണം സംഘടിപ്പിച്ചു. യോഗം നടന്ന് കൊണ്ടിരിക്കെ കുറേ വിദ്യാർത്ഥികളാൽ അനുഗതനായി ചേകന്നൂരും അവിടെയെത്തി. ശാന്തപുരം ഇസ്ലാമിയാ കോളേജിലെ വിദ്യാർത്ഥികളായിരുന്നു അവർ. ചേകന്നൂരാവട്ടെ പൊന്നാനിത്തൊപ്പിയിൽ നിന്ന് ജിന്നാ കേപ്പിലേക്ക് പുരോഗമിച്ചിരുന്നു. മുടി ക്രോപ്പ് ചെയ്ത് സ്ലേക്ക് ഷർട്ടും ധരിച്ചുവന്ന വിദ്യാർത്ഥികളോട് സുന്നീവിദ്യാർത്ഥികളായ ഞങ്ങൾക്ക് പുച്ഛം തോന്നി എന്ന് പറയേണ്ടതില്ലല്ലോ.യോഗം കഴിഞ്ഞതോടെ ചേകന്നൂർ സ്റ്റേജിലേക്ക് കയറി.

എവിടെ നിന്ന് വരുന്നു? തങ്ങൾ ആരാഞ്ഞു. ശാന്തപുരത്ത് നിന്ന്; ചേകന്നൂർ മറുപടിയും പറഞ്ഞു. എനിക്കൽപ്പം സംസാരിക്കാനുണ്ട് . ശരി! നമുക്ക് വലിയ ജാറത്തിലേക്ക് പോകാം. തങ്ങൾ പറഞ്ഞു.

പൊന്നാനി തങ്ങൾമാർ എന്നു വിളിക്കപ്പെടുന്നവരുടെ വസതിയും അവരുടെ കബറിടങ്ങളുമെല്ലാമടങ്ങുന്ന ഒരു സമുച്ചയമാണ് വലിയ ജാറം. രണ്ടാളും വലിയ ജാറത്തിൽ പോയി ഒരു മുറിയിൽ അടച്ചിരുന്നു. ചേകന്നൂരും തങ്ങളും മാത്രം ദീർഘനേരം സംസാരിക്കുകയും ചെയ്തു. ഗുരുവും ശിഷ്യനും എന്താണ് പറഞ്ഞതെന്ന് മറ്റാരും കേട്ടതുമില്ല. അതിനാൽ അവരുടെ സംസാരം എന്തായിരുന്നു എന്നത് അവ്യക്തം.

ശാന്തപുരത്ത് ചേകനൂർ അദ്ധ്യപകനായിരിക്കേയാണ് അദ്ദേഹത്തെ എടവണ്ണ ജാമിഅ: നദവിയ്യ:യിൽ അദ്ധ്യാപകനായി കിട്ടണമെന്ന ആവശ്യവുമായി മുജാഹിദ് നേതാക്കൾ; ജമാഅത്ത് അമീർ കെ.സി. അബ്ദുല്ല മൗലവിയെ സമീപിച്ചത്. നിർബന്ധത്തിന് വഴങ്ങി ചേകന്നൂരിനെ അദ്ദേഹം മുജാഹിദുകൾക്ക് വിട്ടുകൊടുത്തു. എന്നിട്ടദ്ദേഹം ഇങ്ങനെ പറയുക കൂടി ചെയ്തു. ഇയാളെ വെച്ച് പൊറുപ്പിക്കാൻ നിങ്ങളെ കൊണ്ടാവില്ല...

ചേകന്നൂർ മുദർരിസായിരുന്ന കോക്കൂരിൽവെച്ച് തന്നെ സുന്നീ മുജാഹിദ് വാദപ്രതിവാദം സംഘടിപ്പിക്കപ്പെട്ടു. പോലീസിടപെട്ട് അത് രണ്ട് സ്റ്റേജുകളിൽ നിന്നുള്ള പ്രസംഗമായി മാറ്റപ്പെട്ടു. ഞങ്ങളുടെ കോളേജിൽ നിന്ന് പ്രിൻസിപ്പലിന്റെ അനുവാദവും വാങ്ങി ഞാനും ഇത് കേൾക്കാൻ പോയിരുന്നു. മുഖാമുഖം ഉയർത്തിക്കെട്ടിയ രണ്ടു സ്റ്റേജുകളിൽ സുന്നീ മുജാഹിദ്നേതാക്കളും നടുവിൽ പൊതുജനങ്ങളും പോലീസും അണിനിരന്നു. സുന്നികളുടെ ഭാഗത്ത് സംസാരിച്ചത് ഇ. കെ. അബൂബക്കർ മുസ്ല്യാരായിരുന്നു. ഇ. കെ. ഹസ്സൻ മുസ്ല്യാർ താടിയും തടവി സദസ്യർക്കിടയിൽ നടക്കുകയായിരുന്നു. മുജാഹിദ് പക്ഷത്ത് എടവണ്ണ അലവി മൗലവി, എ.കെ.അബ്ദുലത്തീഫ് മൗലവി പോലുള്ള പ്രമുഖരെല്ലാമുണ്ടായിരുന്നെങ്കിലും ഇ. കെ. യെ നേരിട്ടത് ചേകന്നൂർ മൗലവി മാത്രമായിരുന്നു. മറ്റുള്ളവരെല്ലാം പിന്നിൽ ഇരിക്കുകയായിരുന്നു. അരമണിക്കൂർ വീതം മാറിമാറി ഓരോരുത്തരും സംസാരിക്കുക എന്നതായിരുന്നു വ്യവസ്ഥ. തവസ്സുലും ഇസ്തിഗാസയുമൊക്കെത്തന്നെയായിരുന്നു വിഷയം. ചേകന്നൂരിന്റെ വാക്ചാതുരിയിൽ അമ്പരന്നുപോയ ഇ.കെ. മടമ്പ് കാലിന്റെ ചുവപ്പ് മാറാത്ത പയ്യൻ എന്നാണ് ചേകന്നൂരിനെ വിശേഷിപ്പിച്ചത്. പ്രായംകൊണ്ട് ഇ.കെയുമായി തട്ടിച്ചുനോക്കിയാൽ ചേകന്നൂർ പയ്യനായിരുന്നെങ്കിലും വിവരത്തിന്റെ കാര്യത്തിൽ ഇ. കെ. യുടെ മുമ്പിലായിരുന്നു. രണ്ടാളും വെല്ലൂരിൽ നിന്ന് ഒരേ വിദ്യാഭ്യാസ യോഗ്യത തന്നെയായിരുന്നു നേടിയതും. എം.എഫ്.ബി. നേരം പുലർന്ന് കോളേജിലെത്തിയ എന്നോട് ആര് പറഞ്ഞതാണ് ശരി? എന്ന് പ്രിൻസിപ്പൽ ആരാഞ്ഞു. സുന്നിയായ ഞാൻ ഇ.കെയെ അനുകൂലിച്ച് സംസാരിച്ചപ്പോൾ ചേകന്നൂർ പറഞ്ഞതല്ലേ ശരി ? എന്ന് പ്രിൻസിപ്പൽ ആരായുകയും ചെയ്തു. സുന്നീ നേതാവായ പ്രിൻസിപ്പലിന്റെ ഈ പ്രസ്താവനയിൽ നിന്ന് എല്ലാവരുടെയും ഉള്ളിന്റെയുള്ളിൽ സത്യത്തെപ്പറ്റി ബോധമുണ്ടെന്നും മറ്റെന്തോ കാരണത്താൽ അത് പുറത്ത് പറയുവാൻ മടിക്കുകയാണെന്നും എനിക്ക് ബോദ്ധ്യമാവാനും തുടങ്ങി.

അഴീക്കോട് ഇർശാദുൽ മുസ്ലിമീൻ അറബിക്കോളേജിൽ ഞാൻ വിദ്യാർത്ഥിയായിരിക്കുമ്പോൾ അവിടെയടുത്തുള്ള കൂരിക്കുഴി എന്ന സ്ഥലത്ത് ചേകന്നൂരും, ഇ.കെ ഹസ്സൻ മുസ് ല്യാരും തമ്മിലൊരു വാദപ്രതിവാദം സംഘടിപ്പിക്കപ്പെട്ടു. ഇതിന് മദ്ധ്യസ്ഥം വഹിച്ചത് എന്റെ ഉസ്താദും സുന്നിയുമായ കെ.കെ. മുഹമ്മദു മുസ്ല്യാരും, മുജാഹിദ് നേതാവായ എടവനക്കാട് കുഞ്ഞഹമ്മദ് ഹാജിയുമായിരുന്നു. കൂരിക്കുഴി പള്ളിയുടെ മുകളിൽ സംവാദകരും,മദ്ധ്യസ്ഥരും ഇരിക്കുകയും, പള്ളിയുടെ മുമ്പിൽ പൊതുജനങ്ങൾ തിങ്ങിക്കൂടുകയും ചെയ്തു. വിഷയം കൂട്ടപ്രാർത്ഥനയും തറാവീഹിന്റെ റക്അത്തുമൊക്കെത്തന്നെ. അരമണിക്കൂർ വീതം ഓരോരുത്തരും സംസാരിക്കുക എന്നത് തന്നെയായിരുന്നു വ്യവസ്ഥ. സംവാദത്തിനൊടുവിൽ മദ്ധ്യസ്ഥനായ കുഞ്ഞഹമ്മദ് ഹാജി ചേകന്നൂരിനനുകൂലമായി വിധിയെഴുതിയപ്പോൾ കെ.കെ. മുഹമ്മദ് മുസ്ല്യാർ അതിന് വിയോജനക്കുറിപ്പെഴുതുകയും ചെയ്തു. അന്ന് ചേകന്നൂർ പറവണ്ണയിൽ അദ്ധ്യാപകനും ഖത്തീബുമൊക്കെയായിരുന്നു. പറവണ്ണയിൽ ഖത്തീബായിരുന്ന എടവണ്ണ അലവി മൗലവിയുടെ അഭ്യർത്ഥന പ്രകാരമാണ് ചേകന്നൂർ ഇവിടെ ചാർജ്ജെടുത്തത്. ചേകന്നൂരിന്റെ പാണ്ഡിത്യത്തെ അഭിപ്രായവ്യത്യാസങ്ങൾ മറന്ന് ആദരിച്ചിരുന്ന ആളാണ് അലവി മൗലവി. ഇസ്ലാമിയ കോളേജിലും ജാമിഅ: നദ്‌വിയുമായിലുമൊക്കെയുള്ള അദ്ധ്യാപകർ ചേകന്നൂരിന്റെ മുന്നിൽ അടിയറവ് പറയുന്നത് അലവി മൗലവിക്കറിവുള്ളതായിരുന്നു. അതൊന്നും അവർ പരസ്യമായി അംഗീകരിച്ചില്ലെങ്കിലും രഹസ്യമായി അവർക്കെല്ലാമതറിയാമായിരുന്നു. അതുകൊണ്ടാണല്ലോ തന്റെ പിൻഗാമിയായി ചേകന്നൂരിനെ അലവിമൗലവി പറവണ്ണയിലേക്ക് നിർദ്ദേശിച്ചത്. പറവണ്ണയിലെത്തിയതോടെ ചേകന്നൂരിന്റെ താടിയും തൊപ്പിയും പറപറന്നു. മുജാഹിദ് പ്രസ്ഥാനത്തിന് ചേകന്നൂരൊരു മുതൽ കൂട്ടാവുമെന്ന് അലവി മൗലവി ധരിച്ചിരിക്കണം. പക്ഷെ മുജാഹിദുകളുടെ വികല ആശയങ്ങളുടെ അന്തകനായി മാറുകയാണദ്ദേഹം ചെയ്തത്. ഇതിന് കാരണമുണ്ടാക്കിയത് മുജാഹിദുകൾ തന്നെ. പറവണ്ണയിൽ നടന്ന ഒരു സംഭവമിങ്ങനെയാണ്. ചേകന്നൂർ മൗലവി മുൻകയ്യെടുത്ത് പറവണ്ണ മുജാഹിദ് പള്ളിയിൽ വെച്ചൊരു ചർച്ച സംഘടിപ്പിക്കപ്പെട്ടു. ചേകന്നൂരിന്റെ പുതിയ ആശയങ്ങളായിരുന്നു വിഷയം. മതപണ്ഡിതന്മാരായി അറിയപ്പെടുന്നവർക്കെല്ലാം കത്തുകളെഴുതി. എല്ലാ ചെലവുകളും വഹിക്കാൻ നാട്ടുകാർ സന്നദ്ധരുമായി. എല്ലാമൊരുക്കി എല്ലാവരും കാത്തിരുന്നെങ്കിലും ആരും വരാൻ കൂട്ടാക്കിയില്ല. പറവണ്ണയുമായി ദീർഘകാല ബന്ധമുള്ള മുജാഹിദ് മൗലവിമാർപോലും അങ്ങോട്ട് തിരിഞ്ഞുനോക്കാൻ ധൈര്യപ്പെട്ടില്ല. ചേകന്നൂരിനൊപ്പം ശാന്തപുരത്ത് ജോലി ചെയ്തിരുന്ന അദ്ദേഹത്തിന്റെ ഒരു സഹപ്രവർത്തകൻ മാത്രമാണ് വന്നത്. ഭക്ഷണത്തിന് വേണ്ടി ശേഖരിച്ചിരുന്ന പച്ചക്കറികളെല്ലാം ചീഞ്ഞളിഞ്ഞുപോയി.. എന്ന് പ്രസ്ഥാന ബന്ധുക്കൾ പിന്നീട് പരിഭവിക്കാറുണ്ടായിരുന്നു. ഈ സംഭവത്തോടെ പറവണ്ണയിലെ മുജീഹിദുകൾ പരിപൂർണ്ണമായും ചേകന്നൂരിന്റെ അനുയായികളായി മാറി. അദ്ദേഹത്തിന്റെ പ്രവർത്തനത്തിന് എല്ലാ പിന്തുണയും നൽകി. അങ്ങനെ ആശയങ്ങൾ തഴച്ചുവളരാനും തുടങ്ങി. മൗലവി ആദ്യമായി നിരീക്ഷണം മാസിക പ്രസിദ്ധീകരിക്കാൻ തുടങ്ങിയത് ഇവിടെ നിന്നാണ്. നിരീക്ഷണത്തിലൂടെ അദ്ദേഹം സുന്നിമുജാഹിദ് ജമാഅത്താദികളെ ആഞ്ഞടിക്കാൻ തുടങ്ങി. നൂതനാശയങ്ങളുടെ പ്രസിദ്ധിയും പ്രചാരവും വർദ്ധിക്കാനും തുടങ്ങി. അനന്താരാവകാശത്തെപ്പറ്റി മൗലവി അറബിയിലെഴുതിയ ഒരു ലേഖനം പാക്കിസ്ഥാനിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന അൽ അറബ് മാസികയിൽ പ്രസിദ്ധീകരിച്ചു. അന്ന് പാക്കിസ്ഥാൻ പട്ടാള ഭരണാധികാരിയായിരുന്ന ഫീൽഡ് മാർഷൽ അയ്യൂബ്ഖാൻ ഇത്

കാണാനിടയാവുകയും പൗത്രന്മാരുടെ സ്വത്തവകാശം പാക്കിസ്ഥാനിൽ അദ്ദേഹം നടപ്പാക്കുകയും ചെയ്തു. വെല്ലൂരിൽ ചേകന്നൂരിന്റെ ഗുരുവായിരുന്ന ശൈഖ് ഹസൻ നെതിരേയും ചേകന്നൂർ മുമ്പ് ലേഖനമെഴുതിയിരുന്നു. കാശ്മീരിലെ ഹസ്രത്ത് ബാൽ മസ്ജിദിൽ സൂക്ഷിച്ചിട്ടുള്ള ഒരു മുടി മുഹമ്മദ് നബിയുടേതാണെന്നു പ്രചരിപ്പിക്കുകയും ശൈഖ് ഹസൻ അതിനെ അനുകൂലിക്കുകയും ചെയ്തതിനെതിരേയായിരുന്നു ലേഖനം. അന്ന് മൗലവി മുജാഹിദുകളോടൊപ്പമായിരുന്നതിനാലും അവരുടെ ചില ആശയങ്ങളോട് യോജിപ്പുണ്ടായിരുന്നതിനാലും മുജാഹിദ് പത്രമായ അൽമനാറാണാ ലേഖനം പ്രസിദ്ധീകരിച്ചത്. സമസ്ത മുസ്ല്യാക്കളും വിശുദ്ധകേശ പൂജയും വിശുദ്ധകേശവും എന്നായിരുന്നു തലക്കെട്ട്. കോഴിക്കോട് ടൗൺഹാളിൽ മുജാഹിദുകൾ സംഘടിപ്പിച്ച സെമിനാറിൽ ഹദീസ് സ്വീകരിക്കുന്നതിന് ഏകസാക്ഷി അവതരിപ്പിച്ചവർക്കെതിരെ മൗലവിയെഴുതിയ. രണ്ട് സാക്ഷിസിദ്ധാന്തം നിരീക്ഷണം നിരന്തരം പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. ഇങ്ങനെ യാഥാസ്ഥിക മുജാഹിദ് വിഭാഗത്തിനെതിരെ അദ്ദേഹം പ്രത്യക്ഷമായ സമരത്തിനിറങ്ങുകയാണ് ചെയ്തത്.

അഴിക്കോട് നിന്ന് ഞാൻ നേരെ പറവണ്ണയിലേക്കാണ് വന്നത്. മൗലവിയുടെ പുരോഗമന ചിന്താഗതികളാണെന്നെ ആകർഷിച്ചത്. നിരീക്ഷണത്തിന്റെ പ്രസിദ്ധീകരണത്തിലും പള്ളി മദ്രസാദികളുടെ പ്രവർത്തനങ്ങളിലുമെല്ലാം മൗലവിയുമായി സഹകരിച്ച് പ്രവർത്തിക്കാനും തുടങ്ങി. സലഫീ മദ്രസയുടെ അടുത്തുതന്നെ ഒരു സുന്നി മദ്രസയുമുണ്ട്. മദ്രസത്തുൽ ബനാത് എന്നാണ് പേര്. പലപ്പോഴും നബിദിനയോഗങ്ങളിലും പാതിരാ വഅളു കളിലുമൊക്കെ ചേകന്നൂർ വിമർശനം നടത്തുക എന്നത് അവിടെ വരുന്ന മുസ്ല്യാക്കളുടെ പതിവായിരുന്നു. വഅള് കഴിയുന്നതോടെ മറുപടി പറയുവാൻ സ്പീക്കറും തുറന്നുവെച്ച് കൊണ്ട് മൗലവിയും കാത്തിരിക്കും. മറുപടി കേൾക്കുന്നതോടെ വഅളിന് വന്നവരെല്ലാം നമ്മുടെ മുമ്പിൽ വന്നുകൂടുകയും ചെയ്യും. നിരന്തരം നടന്നിരുന്ന ഈ വാഗ്വാദങ്ങളിൽ പലപ്പോഴും മറുപടി പറഞ്ഞിരുന്നത് ഞാനായിരുന്നു. മൗലവി അടുത്തിരിക്കുക മാത്രമേ ചെയ്തിരുന്നൊള്ളു. ഇങ്ങനെ വിമർശനങ്ങൾക്കപ്പോൾ തന്നെ മറുപടി എന്ന രീതി പറവണ്ണയിൽ നിത്യസംഭവമായി മാറി. ചിപ്പോഴൊക്കെ വെല്ലൂരിൽ മൗലവിയോടൊപ്പം പഠിച്ചിരുന്ന മുസ്ലിയാക്കൾ വന്ന് വിമർശനം നടത്താറുണ്ടായിരുന്നു. അവർക്കൊക്കെ മൗലവി കണക്കിന് തിരിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ചേകന്നൂരിനെ പേടിച്ച് പല സുന്നി മുസ്ല്യാക്കളും പറവണ്ണയിലേക്ക് വരാൻ മടിച്ചിരുന്നു. മുജാഹിദുകളാവട്ടെ മൗലവി ഖത്തീബായിരുന്നിടത്തോളം പറവണ്ണയിൽ കാലുകുത്തിയിട്ടേയില്ല.

മൗലവിയുടെ ധീരത തെളിയിക്കുന്ന ഒന്ന് രണ്ട് സംഭവങ്ങൾ വിവരിക്കട്ടെ. സുന്നികളും മുജാഹിദ്കളുമടങ്ങുന്ന പറവണ്ണയിൽ അന്യോന്യം വിവാഹ ബന്ധങ്ങൾ നടക്കാറുണ്ട്. വരന്റെ ഇഷ്ടമേതോ അതനുസരിച്ച് വിവാഹച്ചടങ്ങുകൾ നടത്താം എന്ന കാര്യത്തിൽ രണ്ടു വിഭാഗവും ധാരണയിലുമാണ്, അങ്ങനെയൊരു വിവാഹസദസ്സാണ് രംഗം. വരൻ മൗലവിയെ അഗാധമായി സ്നേഹിക്കുന്നയാൾ. വധുവിന്റെ വീട്ടുകാർ സുന്നികൾ, വധുവിന്റെ പിതാവ് മലേഷ്യയിലാകയാൽ വിവാഹം നടത്തിക്കൊടുക്കാൻ മകനെ ഭരമേൽപ്പിച്ചിരുന്നു. കക്ഷി മൊരം സുന്നിയായതിന് പുറമേ അൽപം മന്ദബുദ്ധിയും. മൗലവി വിവാഹമെന്ന വിഷയത്തെപ്പറ്റിയൊരു ഖുത്തുബ നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനിടയിൽ നിക്കാഹ് കഴിച്ച് കൊടുക്കേണ്ടയാൾ സ്ഥലം വിട്ടു. ഏതോ സുന്നിയുടെ പ്രേരണ മൂലമാണങ്ങനെ ചെയ്തത്. നിക്കാഹിന് സമയമായപ്പോൾ ആളെ കാണാനില്ല. വരന്റെ കുടുംബത്തിനിത് അഭിമാനത്തിന്റെ പ്രശ്നമായി മാറി. ഉടൻ ഇവിടെ നിന്ന് സ്ഥലം വിടണമെന്ന നിലയിൽ വരനും കാരണവന്മാരുമെല്ലാം എഴുന്നേറ്റു. ചേകന്നൂർ മൗലവിയുടെ സന്ദർഭോചിതവും ധീരവുമായ ഇടപെടലുണ്ടായിരുന്നില്ലെങ്കിൽ മുമ്പ് തന്നെ ബന്ധുക്കളായിരുന്ന ആ രണ്ട് കുടുംബങ്ങൾക്കിടയിൽ വലിയ അകൽച്ച ഉണ്ടായിപ്പോകുമായിരുന്നു. മൗലവി എല്ലാവരെയും സമാധാനിപ്പിച്ചിരുത്തി. എന്നിട്ട് അദ്ദേഹവും പിന്നീട് അദ്ദേഹത്തിന്റെ ഭാര്യാപിതാവായിത്തീർന്ന വി.ഇ. വീരാൻകുട്ടി ഹാജിയും കൂടി വീട്ടിനുള്ളിലേക്ക് കടന്ന് വധുവിനെ വിളിച്ച് വിവരം ധരിപ്പിച്ചു. വിവാഹം നടക്കണമെങ്കിൽ മൗലവി എന്നെ നിക്കാഹ് കഴിച്ചുകൊടുക്കുന്നത് സമ്മതമാണെന്ന് എഴുതി ഒപ്പിട്ട് കൊടുക്കണമെന്നും പറഞ്ഞു. വധുവാകട്ടെ അപ്രകാരം ചെയ്യുകയും ചെയ്തു. ചേകന്നൂർ തന്റെ സ്വന്തം മക്കളെ നിക്കാഹ് ചെയ്തു കൊടുക്കുന്നതിന് എത്രയോ മുമ്പ് മറ്റൊരാളുടെ മകളെ വിവാഹം ചെയ്തു കൊടുക്കുകയും ചെയ്തു. എന്നിട്ടവിടെ നിന്ന് കൊണ്ടിങ്ങനെ പ്രഖ്യാപിച്ചു. ഈ വിവാഹബന്ധം അസാധുവാക്കാൻ ലോകത്തൊരു കോടതിക്കുമാവില്ല... വധുവിനെ കൂട്ടിക്കൊണ്ടുപോയി കുറേ ദിവസത്തേക്ക് തിരിച്ചയക്കരുതെന്ന് വരനോടൊപ്പമുണ്ടായിരുന്നവർക്ക് മൗലവി രഹസ്യനിർദ്ദേശവും കൊടുത്തു. വലിയ ഒരു ദുരന്തമാകുമായിരുന്ന രംഗം വിവേകപൂർവ്വം കൈകാര്യം ചെയ്ത മൗലവിയുടെ ധൈര്യത്തെ അദ്ദേഹത്തിന്റെ എതിരാളികൾ പോലും ആദരിക്കുകയുണ്ടായി. പിറ്റേദിവസം സുന്നി മുസ്ല്യാക്കളുടെ അടുക്കൽ ഇതിനെതിരെ ഫത്വക്ക് സമീപിച്ചെങ്കിലും മിണ്ടാതെ ഇരുന്നുകൊള്ളാനുള്ള ഉപദേശമാണ് ലഭിച്ചത്.

രണ്ട് ജുമുഅ ഖുതുബ നടന്നിരുന്ന പറവണ്ണ പള്ളിയിൽ മൗലവി ഒരു ഖുത്തുബ മാത്രമായി ചുരുക്കി. തറാവീഹ് നടന്നിരുന്നെങ്കിലും അതും അദ്ദേഹം നിർത്തലാക്കി. സുന്നത്ത് നമസ്കാരം 7എന്നൊന്ന് പറവണ്ണ പള്ളിയിലുണ്ടായിരുന്നില്ല. ബാങ്ക് വിളി നിർത്തലാക്കുന്നതിന് മുമ്പ് അദ്ദേഹം പള്ളിയുടെ ഉത്തരവാദിത്തം ഒഴിഞ്ഞു. അതിന് ശേഷം പള്ളിയിലെ കർമ്മങ്ങൾ ഏറ്റെടുത്ത മുജീഹിദുകൾ; ബിദ്അത്തുകളെല്ലാം തിരിച്ച് കൊണ്ടുവരികയും ചെയ്തു. പറവണ്ണയിലായിരിക്കുമ്പോൾ അടുത്ത പ്രദേശങ്ങളിലെല്ലാം യോഗങ്ങൾ സംഘടിപ്പിക്കാറുണ്ടായിരുന്നു. അവിടെയെല്ലാം യാഥാസ്ഥിതികർ കുഴപ്പമുണ്ടാക്കാറുമുണ്ടായിരുന്നു. കല്ലേറ് നിത്യ സംഭവമായിരുന്നെങ്കിലും അദ്ദേഹത്തിന് ഒരേറുപോലും ഏൽക്കാതെ പറവണ്ണയിൽ നിന്ന് അദ്ദേഹത്തോടൊപ്പം പോകുന്ന ഞങ്ങൾ വളഞ്ഞ് നിൽക്കുമായിരുന്നു.എന്തെല്ലാം പ്രകോപനമുണ്ടായാലും

അദ്ദേഹത്തിന് പറയാനുള്ളതെല്ലാം പറഞ്ഞതിന് ശേഷമേ പിൻമാറുമായിരുന്നുള്ളു.

# മൊട്ടത്തലയൻ മൊല്ലമാർ

വണ്ടൂരിലെ ആദർശ ബന്ധുക്കൾ അവിടെ ഒരു യോഗം സംഘടിപ്പിച്ചു. കുഴപ്പമുണ്ടാകുമെന്ന് ഭീഷണിയുണ്ടായിരുന്നതിനാൽ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ വൻ പോലീസ് സന്നാഹമുണ്ടായിരുന്നു. പ്രസംഗം തുടങ്ങി അൽപം കഴിഞ്ഞപ്പോളതാ സദസ്സിന്റെ മറുഭാഗത്തുനിന്നൊരു ചോദ്യം. വാദപ്രതിവാദത്തിന് തയ്യാറുണ്ടോ? ഒരു നിമിഷം പോലുമാലോചിക്കാതെ തയ്യാർ തയ്യാർ തയ്യാർ എന്ന് മൗലവി വിളിച്ചു പറഞ്ഞതും ഇ.കെ. ഹസ്സൻ മുസ്ല്യാരുടെ നേതൃത്വത്തിലുള്ള മൊല്ലപ്പട സ്റ്റേജിനടുത്തേക്ക് തള്ളിക്കയറി വന്നതും ഒപ്പമായിരുന്നു. പോലീസ് ലാത്തിവീശി മുസ്ല്യാക്കളെ പിന്നോട്ടോടിച്ചു. അതിനിടയിൽ ഒരു മുസ്ല്യാരുടെ തലയിൽ കെട്ട് നിലത്ത് വീണു. തലയിൽ കെട്ടെടുക്കടാ എന്ന് സർക്കിൾ ഇൻസ്പെക്ടർ ആക്രോശിച്ചതും എല്ലാ മൊല്ലമാരും തലയിൽ കെട്ടെടുത്ത് കയ്യിൽ പിടിച്ചുകൊണ്ട് നെട്ടോട്ടമോടുകയും ചെയ്തു. നിലത്ത് വീണ തുണി എടുക്കാനാണ് പറഞ്ഞതെന്ന് വിഡ്ഢികളുണ്ടോ അറിയുന്നു? മൊല്ലമാരുടെ മൊട്ടത്തല അപ്പോൾ ട്യൂബ് ലൈറ്റിന്റെ പ്രകാശത്തിൽ തിളങ്ങുന്നുണ്ടായിരുന്നു. ഈ ബഹളത്തിനിടയിൽ സ്റ്റേജിലേക്ക് കല്ലേറ് വരികയും സ്റ്റേജിൽ എന്റെ സമീപം ഇരുന്നിരുന്ന വണ്ടൂർ സ്വദേശി മാനിത് സാഹിബിന്റെ തല പൊട്ടി രക്തം പ്രവഹിക്കുകയും ചെയ്തു. സായുധരായ രണ്ടു പോലീസുകാരെ രണ്ട് ഭാഗത്തും നിർത്തികൊണ്ട് മൗലവി പ്രസംഗം തുടർന്നു. വണ്ടൂർ ജുമുഅത്ത് പള്ളിയിൽപോയി ഒളിച്ചിരുന്ന ഹസൻ മുസ്ല്യാരെ പോലീസ് അവിടെ നിന്ന് അറസ്റ്റ് ചെയ്യുകയും ലോക്കപ്പിലടക്കുകയും ചെയ്തു. യോഗത്തിന്റെ സംഘാടകനായിരുന്ന നീലാമ്പ്ര അബ്ദുറഹിമാൻ നാണി പോലീസ് സ്റ്റേഷനിൽ ചെന്ന് എന്തിനാണ് മുസ്ല്യാരെ ഇവിടെ കിടക്കുന്നത് എന്ന് ചോദിച്ചപ്പോൾ സുന്നത്ത് ജമാഅത്തിന് വേണ്ടി ഇതൊക്കെ സഹിക്കണ്ടേ? എന്നായിരുന്നു മുസ്ല്യാരുടെ മറുപടി. യോഗം കയ്യേറലു കല്ലെറിയലുമൊക്കെയാണ് മുസ്ല്യാരുടെ ദൃഷ്ടിയിൽ ത്യാഗം!!!

# മുജാഹിദുകൾ മുട്ടുകുത്തുന്നു.

മുജാഹിദുകളുടെ വികല സിദ്ധാന്തങ്ങൾക്കെതിരെ മൗലവി പ്രചരണം നടത്തികൊണ്ടേയിരുന്നു. അങ്ങനെയാണ് വണ്ടൂരിലെ ചില നിഷ്പക്ഷ മതികളിടപെട്ടു അവിടെ ഒരു വാദപ്രതിവാദം സംഘടിപ്പിച്ചത്. മൗലവിയാണെങ്കിൽ ഇവരുമായൊന്നേറ്റു മുട്ടിയേ മതിയാവൂ എന്ന അവസ്ഥയിലായിരുന്നു. അതുകൊണ്ട് തന്നെ അവർ പറഞ്ഞ എല്ലാ വ്യവസ്ഥകളും മൗലവി അംഗീകരിച്ചുകൊടുത്തു. ഒരു സ്റ്റേജിന്റെ രണ്ടുഭാഗത്തുമിരിക്കുക. അര മണിക്കൂർ വീതം ഇരു വിഭാഗവും സംസാരിക്കുക. ചോദ്യവും ഉത്തരവുമെല്ലാം ആ സമയത്ത് നിർത്തുക. ഇതൊക്കെയായിരുന്നു വ്യവസ്ഥകൾ. അനന്തരാവകാശമായിരുന്നു പ്രധാനവിഷയം. വണ്ടൂർ ബോയ്സ് ഹൈസ്ക്കൂൾ ഗ്രൗണ്ടിലുയർന്ന സ്റ്റേജിന്റെ ഒരു ഭാഗത്ത് ഞാനും മങ്കട അബ്ദുൽ അസീസും, ചേകന്നൂരും. മറുഭാഗത്ത് എ.പി. അബ്ദുൽ ഖാദിൽ മൗലവി, കെ.സി. അബൂബക്കർ മൗലവി, എടവണ്ണ അലവി മൗലവി തുടങ്ങിയ മുജാഹിദുകളും. നമ്മുടെ ഭാഗത്ത് നിന്ന് ചേകന്നൂർ മൗലവി മാത്രം സംസാരിച്ചപ്പോൾ മറുഭാഗത്ത് നിന്ന് എ.പിയും, കെ.സിയും മാറി മാറി സംസാരിച്ചുകൊണ്ടിരുന്നു. പതിനായിരങ്ങൾ തടിച്ചുകൂടിയ മഹാസദസ്സിന് മുമ്പിൽ നിന്ന് കൊണ്ട് എ.പിയും, കെ.സിയും വിളിച്ചുകൂവുന്ന വിഡ്ഢിത്തങ്ങൾ കേട്ട് അസ്വസ്ഥനായ അലവി മൗലവി ഇടക്കിടെ തലയിലെ വിയർപ്പ് തുടക്കുന്നുണ്ടായിരുന്നു. ചേകന്നൂരിന്റെ ചോദ്യങ്ങൾക്കൊന്നും മറുപടി പറയാതെ ഉറപ്പിച്ചും തറപ്പിച്ചും പറയുന്നു എന്നിങ്ങനെയുള്ള ചില പദങ്ങൾ ഒച്ചത്തിൽ പറഞ്ഞ് ശബ്ദകോലാഹലത്തിൽ വിഷയം മറപ്പിക്കുക എന്ന കുതന്ത്രമാണ് എ.പി. പ്രയോഗിച്ചുകൊണ്ടിരുന്നത്. കെ.സിയാകട്ടെ അദ്ദേഹത്തിന്റെ സ്ഥിരം മോണോ ആക്ട് ആടുകയും ചെയ്തു. നാലു ദിവസം നീണ്ടുനിന്ന ഈ മഹാമേളയുടെ അവസാന ദിവസം മഴ പെയ്തതിനാൽ വണ്ടൂരങ്ങാടിയിലെ ഒരു പീടികയുടെ മുകളിലേക്ക് യോഗം മാറ്റുകയായിരുന്നു. ആദ്യ ദിവസങ്ങളിൽ അദ്ധ്യക്ഷം വഹിച്ചത് പി.വി. മുഹമ്മദ് ഹാജിയും അവസാന ദിവസം പി.വി.ഉമ്മർകുട്ടി ഹാജിയായിരുന്നു. അസഹിഷ്ണുക്കളായ മുജാഹിദുകൾ ഇടക്കിടെ അങ്ങാടിയിൽ നിന്ന് ബഹളമുണ്ടാക്കുകയും ചെയ്തിരുന്നു. സംവാദമെല്ലാം കഴിഞ്ഞതിന് ശേഷം വയോധികനായ അലവി മൗലവി ചേകന്നൂരിന്റെ അടുത്തേക്ക് വരികയും കൈ പിടിച്ച് സലാം പറയുകയും ആലിംഗനം ചെയ്യുകയും ചെയ്തു. ഇളിഭ്യരായ എ.പിയും, കെ.സിയും അഹന്തമൂലം അകന്ന് നിൽക്കുകയാണ് ചെയ്തത്. ഒന്നിച്ച് നിന്നവർ ഭിന്നിക്കേണ്ടിവന്നതിലുള്ള വൈഷമ്യം അലവി മൗലവിയുടെ മുഖത്ത് ദൃശ്യമായിരുന്നു.

# ഹസൻ മുസ്ല്യാർ

# സ്റ്റേജിൽ നിന്നിറങ്ങിയോടി.

ചെറുവാടിയിൽ ചാലിയാർ പുഴയുടെ തീരമാണ്. ഉടൻ ചെറുവാടിയിലെത്തുക , ഹസൻ മുസ്ല്യാരുമായി വാദപ്രതിവാദം തീരുമാനിച്ചിരിക്കുന്നു. ഈ സന്ദേശവുമായി മൗലവി ഒരാളെ പറവണ്ണയിലേക്കയച്ചു. ഞാനും മറ്റു ചില സുഹൃത്തുക്കളും കൂടിയാണ് ചെല്ലേണ്ടിയിരുന്നത്. ഞങ്ങൾക്കുള്ള വാഹനച്ചെലവും മൗലവി തന്നെ കൊടുത്തയച്ചിരുന്നു. തീരുമാനിക്കുക; അപ്പോൾ തന്നെ നടപ്പാക്കുക എന്നതിലൊന്നും മൗലവിക്ക് യാതൊരു ഭയവുമില്ലാതിരുന്നതിനാൽ തീരുമാനിച്ച അന്ന് രാത്രി തന്നെയാണ് വാദപ്രദിവാദം നടന്നതും. കോഴിക്കോട് നിന്ന് കൂളിമാട് എന്ന സ്ഥലം വരെ മാത്രമേ ഞങ്ങളുടെ വാഹനം പോയുള്ളു, അവിടെ അങ്ങോട്ട് ചാലിയാർ പുഴയാണ്. നല്ലവെളിച്ചമുണ്ടായിരുന്നതിനാലും പുഴയിൽ വെള്ളമില്ലാതിരുന്നതിനാലും ഒരു പാറപ്പുറത്ത് നിന്ന് പുഴയിലേക്ക് ചാടുകയാണുണ്ടായത്. ദൂരെ നിന്ന് ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. ആ ദിക്ക് നോക്കി പുഴയിലൂടെ നടന്നു. അവസാനം സമ്മേളന സ്ഥലത്തെത്തിയപ്പോൾ കണ്ടകാഴ്ച അത്ഭുതകരമായിരുന്നു. ചാലിയാർ പുഴയുടെ മണൽത്തിട്ടയിൽ ഉയർത്തിക്കെട്ടിയ സ്റ്റേജിന്റെ ഒരു ഭാഗത്ത് ഹസ്സൻ മുസ്ല്യാരുടെ നേതൃത്വത്തിലുള്ള വൻ സുന്നിപ്പട. മറുഭാഗത്ത് ചേകന്നൂർ മൗലവി ഒറ്റക്കിരിക്കുന്നു. എന്തൊരു ധൈര്യം!! സ്റ്റേജിലേക്ക് കയറിച്ചെന്ന ഞങ്ങളെ കണ്ണുമടച്ചിരിക്കയായിരുന്ന ഹസ്സൻ മുസ്ല്യാർ ഇവരാരെടാ എന്ന മട്ടിൽ തുറിച്ചൊരു നോട്ടം! സ്റ്റേജിലിരുന്നു നോക്കുമ്പോൾ മുമ്പിലൊരു പാൽകടൽ. പൂർണ്ണ ചന്ദ്രൻ നിന്ന് തിളങ്ങുന്ന രാത്രിയിൽ വെളുത്ത മണൽപ്പരപ്പിൽ വെള്ളത്തലയിൽ കെട്ടുമായി മൊല്ലമാർ സൂചിക്കുത്താനിടമില്ലാത്ത തരത്തിൽ തിങ്ങിനിറഞ്ഞു നിന്നാൽ എങ്ങിനെയായിരിക്കും! അത് തന്നെയായിരുന്നു ചാലിയാർ പുഴയുടെ തീരത്തും. കൊണ്ടോട്ടിക്കടുത്ത കൊട്ടപ്പുറത്തുകാരൻ കുടുക്കൻ മൊയ്തീൻ കുട്ടി ഹാജി എന്ന സുന്നി നേതാവായിരുന്നു അദ്ധ്യക്ഷൻ. വിഷയം നമസ്ക്കാരം. ഒരു സ്റ്റേജിൽ തന്നെ രണ്ടുകൂട്ടരും ഇരുന്ന് ചോദ്യോത്തര രീതിയിലുള്ള വാദപ്രതിവാദം തന്നെയായിരുന്നു നടന്നിരുന്നത്. നമസ്ക്കാരം മൂന്നാണെന്ന് സംശയലേശമെന്യേ മൗലവി തെളിയിച്ചുകൊടുത്തു. ഹസ്സൻ മുസ്ല്യാർ ഏറീയെണ്ണിയിട്ടും അഞ്ചൊപ്പിക്കാനായതുമില്ല. നേരം പുലരുന്നതുവരെ ഇതു തുടർന്നുകൊണ്ടിരുന്നു. അഞ്ചെണ്ണമെവിടെ എന്ന് മൗലവി ചോദിക്കുമ്പോൾ ഹസൻ മുസ്ല്യാരെണ്ണും. ഏറീയെണ്ണിയിട്ടും അഞ്ചൊപ്പിക്കാനായതുമില്ല. നേരം പുലരുന്നതുവരെ ഇതു തുടർന്നുകൊണ്ടിരുന്നു. അഞ്ചെണ്ണമെവിടെ എന്ന് മൗലവി ചോദിക്കുമ്പോൾ ഹസൻ മുസ്ല്യാരെണ്ണും. അപ്പോളൊന്നുകിൽ ആറ് അല്ലെങ്കിൽ നാല്. സംഗതി പന്തിയല്ലെന്ന് കണ്ടു കുടുക്കനാജി എഴുന്നേറ്റു നിന്ന് കൊണ്ടൊരു പ്രഖ്യാപനം. ഈ സമ്മേളനം പിരിച്ചുവിട്ടിരിക്കുന്നു. ശരിക്കും ഒരു ഇരുകാലി കടുക്കനാണ് താനെന്ന് അയാൾ തെളിയിക്കുകയായിരുന്നു. പ്രഖ്യാപനം കേൾക്കേണ്ട താമസം ഹസ്സൻ മുസ്ല്യാരും കൂട്ടരും സ്റ്റേജ് വിട്ടിറങ്ങിയോടി. എല്ലാവരും പോയതിന് ശേഷം നമുക്ക് പോയാൽ മതി എന്ന മൗലവിയുടെ നിർദ്ദേശ പ്രകാരം ഞങ്ങളവിടെത്തന്നെയിരുന്നു. അപ്പോൾ സൂര്യൻ ഉദിച്ചുയർന്നു കഴിഞ്ഞിരുന്നു. ഇതോടെ ആ പ്രദേശത്തുകാർക്ക് സുന്നികളുടെ കള്ളക്കളികൾ വ്യക്തമായി. ഇതിന് ശേഷം ചെറുവാടിക്കടുത്തുള്ള കുനിയിലേക്ക് നമ്മുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി എന്നെ പറഞ്ഞയച്ചു. ആദ്യ ദിവസങ്ങളിൽ ഞാനും പിന്നെ സി.പി. അബ്ദുൽ അസീസ് മൗലവിയും, അവസാന ദിവസം ചേകന്നൂർ മൗലവിയും അവിടെ പ്രസംഗിച്ചു. ഞങ്ങൾ അവിടെ നിന്ന് പോന്നതിനു ശേഷം അവിടത്തെ അൻവാർ അറബിക്കോളേജിലെ മുജാഹിദ് നേതാക്കൾ അതിനെതിരെ യോഗം സംഘടിപ്പിച്ചതായും കേട്ടു. പിന്നീട് ഞങ്ങൾ നിരവധി പ്രാവശ്യം ഈ പ്രദേശത്ത് സംഘടിപ്പിക്കപ്പെട്ട യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

മാറഞ്ചേരിയിൽ വെച്ച് പരേതനായ മൊയ്തു മൗലവിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മൗലവി ഹസൻ മുസ്ലിയാരുമായി ഏറ്റുമുട്ടുകയുണ്ടായി. ഇങ്ങനെ പലയിടത്തും പുരോഹിതന്മാരുമായി ഏറ്റുമുട്ടിയ ചേകന്നൂർ മൗലവി ഒരിതിഹാസ പുരുഷൻ തന്നെയായിരുന്നു. ഇതുകൊണ്ടെല്ലാം സാമ്പത്തികമായി അദ്ദേഹത്തിന് വലിയ കോട്ടമാണുണ്ടായിട്ടുള്ളത്. പത്രം നടത്തിയിരുന്നത് പോലും സ്വത്തുക്കൾ വിറ്റും മറ്റുമായിരുന്നു. ഇതുകൊണ്ടാണദ്ദേഹം നിരീക്ഷണം നടത്താൻ മോഡേൺ ഏജ് സൊസൈറ്റി ക്കാരെ ഏൽപ്പിച്ചത്. അവർക്കത് നടത്താനായില്ല. ചെറിയൊരു ഇടവേളക്ക് ശേഷം അതീവശക്തിയോടെ ചേകന്നൂർ വീണ്ടും രംഗത്ത് വന്നു. അതൊരു കൊടുങ്കാറ്റായിരുന്നു. കോഴിക്കോട് നിന്ന് അദ്ദേഹം ബുർഹാൻ എന്ന പേരിൽ മാസിക പ്രസിദ്ധീകരിക്കാൻ തുടങ്ങി. അവിടെ വെച്ചുതന്നെ ഖുർആൻ സുന്നത്ത് സൊസൈറ്റിക്ക് രൂപം നൽകി. ഒന്നും മറച്ച് വെയ്ക്കാതെ എല്ലാം തുറന്നടിച്ചു പറഞ്ഞുകൊണ്ട് ആ കൊടുങ്കാറ്റ് ആഞ്ഞു വീശി. പട്ടിക്കാട്ടെ ജാമിഅ: നൂരിയ്യ: അറബിക്കോളേജിന്റെ മുമ്പിലും നിന്ന് കൊണ്ടദ്ദേഹം പ്രഖ്യാപിച്ചു. നിങ്ങളുടെ അറിവിന്റെ കോട്ടക്ക് ഞാൻ ബോംബിടും. ഇതെല്ലാം കേട്ട് പുരോഹിത വർഗ്ഗം ഞെട്ടിവിറച്ചു. അറിവുമായി ചേകന്നൂരിനെ നേരിടാനവർക്കാവില്ലെന്നറിയാമായിരുന്നു. ഇതിനിടയിൽ അദ്ദേഹത്തിന്റെ ആശയങ്ങളുൾക്കൊള്ളുന്ന പതിനാല് പുസ്തകങ്ങളുടെ രചനയും തുടർന്നുകൊണ്ടിരുന്നു.

പറവണ്ണ മദ്രസ്സയെ പുരോഗതിയുടെയും പുരോഗമനത്തിന്റെയും മാർഗ്ഗത്തിലേക്ക് നയിക്കാനദ്ദേഹം ചെയ്ത സേവനം സ്തുത്യർഹമാണ്. ഒരിക്കൽ മദ്രസ്സയുടെ ഒരു വാർഷിക യോഗം നിശ്ചയിക്കപ്പെട്ടു. സാധാരണയിൽ നിന്ന് വ്യത്യസ്ഥമായി കലാപരിപാടികളും ആവണമെന്ന അഭിപ്രായം വന്നു. നാടകമടക്കമുള്ള കലാപരിപാടികൾ മദ്രസ്സയുടെ മുമ്പിൽ

അവതരിപ്പിക്കയോ? ചിലർക്ക് അങ്ങനെ സംശയമുണ്ടായിരുന്നു. പക്ഷെ മൗലവിയുടെ ആശയമുൾക്കൊണ്ടവർ അത് വേണമെന്ന് തീരുമാനിക്കുക തന്നെ ചെയ്തു. നാടകരചനയും സംവിധാനവുമൊക്കെ എന്നെയാണ് ഏൽപ്പിച്ചത്. നാടകം കാണാനാരും പോകരുതെന്നും അവിടെ കുഴപ്പമുണ്ടാകുമെന്നൊക്കെ യാഥാസ്ഥിതികർ പ്രചരണം നടത്തി. പക്ഷെ ജനങ്ങളുണ്ടോ കേൾക്കുന്നു? മദ്രസ്സയുടെ മുമ്പിൽ ജനങ്ങൾ തിങ്ങിക്കൂടി. തികച്ചും ഇസ്ലാമികമായിത്തന്നെ കലാപരിപാടികളരങ്ങേറി. ഞാനടക്കമുള്ള അദ്ധ്യാപകരും വിദ്യാർത്ഥികളുമൊക്കെത്തന്നെയായിരുന്നു അഭിനേതാക്കൾ. എല്ലാവരുടെയും ആശങ്കകളകറ്റിക്കൊണ്ടാണ് അക്കൊല്ലത്തെ വാർഷിക യോഗം സമാപിച്ചത്. വിമർശിച്ചവർ പ്രസംഗിക്കാൻ തുടങ്ങി. അടുത്ത വർഷത്തെ വാർഷികാഘോഷത്തിന് സുന്നികളടക്കമുള്ളവർ എല്ലാ സഹായസഹകരണങ്ങളും നൽകി. യോഗം ഉൽഘാടനം ചെയ്യുന്നതിന് മൗലവി ക്ഷണിച്ചുകൊണ്ടുവന്നത് പ്രഗൽഭ വാഗ്മിയും മുൻമന്ത്രിയുമായിരുന്ന പരേതനായ പി.പി. ഉമ്മർകോയ സാഹിബിനെയാണ്. വിവരങ്ങളെല്ലാം മൗലവി അദ്ദേഹത്തെ ധരിപ്പിച്ചിരുന്നു. പ്രസംഗത്തിൽ അദ്ദേഹമിങ്ങനെ പറഞ്ഞു. കത്തി മനുഷ്യനെ കുത്തിക്കൊല്ലാനും മാങ്ങ ചെത്തി തിന്നാനും ഉപയോഗിക്കാം. നല്ലമാർഗ്ഗത്തിൽ അതിനെ ഉപയോഗപ്പെടുത്തുകയല്ലാതെ അത് വലിച്ചെറിയുകയല്ല വേണ്ടത്. അക്കൊല്ലവും പൂർവ്വോപരി ഭംഗിയായി കലാപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. ഒരു പക്ഷെ ഒരു മദ്രസ്സയുടെ വാർഷിക യോഗത്തിന് ഇത്തരത്തിലുള്ള ഒരു സംരംഭം ആദ്യമായി

നടക്കുന്നത് പറവണ്ണ സലഫി മദ്രസ്സയിൽ മാത്രമായിരിക്കും.

# ആദർശത്തിന്
# വേണ്ടി ജീവിച്ച ധീരൻ

എങ്ങനെയെങ്കിലും ചേകന്നൂരെന്ന ശല്യം ഒന്നൊതുങ്ങിക്കിട്ടണമെന്നായി, സംഘടനാ വ്യത്യാസമെന്യേ പുരോഹിത വർഗ്ഗത്തിന്റെ ആവശ്യം. അതിന്ന് വേണ്ടി അവരെല്ലാം ഒന്നിക്കുകയും ചെയ്തിരുന്നു. എന്ത് വന്നാലും സത്യം തുറന്നു പറഞ്ഞേ അടങ്ങൂ എന്ന് ചേകന്നൂരും. അവരെന്നെ കൊല്ലുമെന്ന് ഇടക്കിടെ അദ്ദേഹം പറയുമായിരുന്നു. അതിനദ്ദേഹം തയ്യാറുണ്ടായിരുന്നു എന്ന് തോന്നുന്നു. കുനിയിൽ പ്രസംഗിക്കവേ മുജാഹിദുകൾ കൂകി വിളിച്ചു. എന്നാലിത് പറഞ്ഞേ അടങ്ങൂ എന്ന് സംഘാടകർ തീരുമാനിച്ചു. അവർ പോലീസ് സഹായം തേടി മഞ്ചേരി സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ വൻപോലീസ് സന്നാഹത്തിനിടയിൽ മൗലവി പ്രസംഗിച്ചു. ഒരു പൊതുയോഗത്തിൽ കൂടി മാത്രമേ അദ്ദേഹം പിന്നെ സംസാരിച്ചുള്ളൂ. അരീക്കോട്ട് സുല്ലമുസ്സലാം അറബിക്കോളേജിന് മുമ്പിലായിരുന്നു അത്. മുജാഹിദുകൾ തിങ്ങിനിറഞ്ഞ വൻസദസ്സിന് മുമ്പിൽ ചേകന്നൂർ പ്രഖ്യാപിച്ചു. നമസ്ക്കാരം ഫർളല്ല ഇത് കേട്ടതോടെ മുജാഹിദുകൾ ഊളന്മാരായി മാറി. അവർ മൗലവിയെ കൂവിത്തോൽപ്പിക്കാൻ നോക്കിയെങ്കിലും അത് വിലപ്പോയില്ല. എല്ലാം അദ്ദേഹം തുറന്നടിച്ച് പറയുക തന്നെ ചെയ്തു.

1993 ജൂലൈ 29 ഖുർആൻ ക്ലാസ്സെടുക്കാൻ എവിടെയും അദ്ദേഹം റെഡി എന്നറിയാമായിരുന്ന കാരന്തൂരിന്റെ ദുഷ്ട സന്തതികൾ അദ്ദേഹത്തെ വഞ്ചിച്ചു. ക്ലാസ്സെടുക്കാനെന്ന പേരിൽ ആ ഖുർആൻ വിരുദ്ധന്മാർ അദ്ദേഹത്തെ ജീപ്പിൽ കയറ്റിക്കൊണ്ടുപോയി ഞെക്കിക്കൊന്നു. ആദർശത്തിന് വേണ്ടി അവസാനം വരെ അടരാടിയ അദ്ദേഹത്തിന്റെ പോക്കറ്റിൽ അപ്പോഴും ഖുർആന്റെ ഒരു പ്രതി സൂക്ഷിച്ചിരുന്നു.

സമാപ്തം

അഞ്ച് നേര നമസ്ക്കാരം ഖുർആൻ വിരുദ്ധം.

ബാങ്കും ഇക്കാമത്തും അത്തഹിയ്യാത്തും ഖുർആൻ വിരുദ്ധം.

ഹജ്ജിലെ കല്ലേറ് ഖുർആൻ വിരുദ്ധം.

ഹജ്റുൽ അസ്സ്വദിനെ ചുംബിക്കൽ ഖുർആൻ വിരുദ്ധം.

ചേലാസുന്നത്ത് കർമ്മം ഖുർആൻ വിരുദ്ധം.

നിർബന്ധ മതപരിവർത്തനം ഖുർആൻ വിരുദ്ധം.

പ്രലോഭന മതപരിവർത്തനം ഖുർആൻ വിരുദ്ധം.

ഹജ്ജ്കൊണ്ട് പാപം പൊറുക്കപ്പെടില്ല.

ഒരേസമയം മൂന്ന് തലാക്ക് ചെയ്യൽ ഖുർആൻ വിരുദ്ധം.

ജുമ:അ, ബക്രീദ് ഒഴിച്ചുള്ള സംഘടിത നമസ്ക്കാരങ്ങൾ ഖുർആൻ വിരുദ്ധം.

പർദ്ദ ഖുർആൻ വിരുദ്ധം.

# ചരിത്രം സൃഷ്ടിച്ച ഗ്രന്ഥങ്ങൾ....!

## ചേകന്നൂർ മൗലവിയുടെ ഗ്രന്ഥങ്ങൾ...!

- പ്രമാണയോഗ്യമായ ഹദീസേത്?
- അബൂഹുറൈറയുടെ തനിനിറം?
- നമസ്കാരം എങ്ങനെ? എത്ര? എപ്പോൾ?
- ഖുർആനിൽ നമസ്കാരത്തിനുള്ള സ്ഥാനം. (അഞ്ചുനേരത്തെ നമസ്കാരം ഖുർആനിൽ എന്ന സി.എൻ.അഹമ്മദ് മൗലവിയുടെ ഗ്രന്ഥത്തിനുള്ള മറുപടി)
- ഖുർആനിൽ നമസ്കാരം മൂന്ന് മാത്രം

  സി.എൻ. മൗലവിക്ക് ചുട്ടമറുപടി (രണ്ടാം ഭാഗം)
- ഖുർആനിലെ നമസ്കാരരൂപം
- മുസ്‌ലിം പിന്തുടർച്ചാ നിയമം - വിമർശകർക്ക് മറുപടി
- ഖുർആനിലെ പിൻതുടർച്ചാനിയമം
- ഖുത്തുബ പരിഭാഷയും സ്ത്രീകളുടെ ജുമുഅയും
- തറാവീഹ് നബിക്ക് മാത്രം
- ഖുർആനിലെ ഹജ്ജ്
- ഖുർആൻ വിരുദ്ധ ബാങ്കും ജമാഅത്തും
- ഇസ്ലാം കാര്യം പത്ത്
- സർവമത സത്യവാദം ഖുർആനിൽ
- ഇസ്രാഉം മിഅ്റാജും
- നബിയുടെ പേരിൽ സ്വലാത്തു ചൊല്ലൽ എങ്ങനെ?
- ബുഖാരിയും മുസ്‌ലിമും ലോകപൊള്ളന്മാർ?
- ഇന്ത്യൻ ശരീഅത്തും ഇസ്ലാമിക ശരീഅത്തും സുപ്രീംകോർട്ട് വിധിയും
- സലാം സുല്ലമിക്ക് സമുചിത മറുപടി